# മൻ കി ബാത്ത്

വാല്യം – 12



# മൻ കി ബാത്ത്

## വാല്യം – 12


**രചയിതാക്കൾ**
ശാർദ മോഹൻ, തനുശ്രീ ബാനർജി

**ഇല്ലസ്ട്രേഷൻ, കവർ ആർട്ട്**
ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**
രവീന്ദ്ര മൊകാതെ

**നിർമ്മാണം**
അമർ ചിത്ര കഥ

**കളറിസ്റ്റ്**
പ്രകാശ് ശിവൻ, എം. പി. രാജീവൻ, പ്രജീഷ് വി. പി.

**ലേയ്ഔട്ട് ആർട്ടിസ്റ്റ്**
അക്ഷയ് ഖാദിൽക്കർ



**പ്രസാധനം**
അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

**എഡീഷൻ I**

ISBN – 978-93-6127-030-7

Amar Chitra Katha Pvt. Ltd, March 2024



© Ministry of Culture, Govt of India, March 2024

All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.



പ്രിയപ്പെട്ട കുട്ടികളേ,

പ്രതികൂലമായ സാഹചര്യം, ജീവിതത്തിൽ ഒഴിവാക്കാനാകാത്തതാണ്. എന്നിരുന്നാലും, പ്രതികൂല സാഹചര്യങ്ങളോട് നിങ്ങൾ എങ്ങിനെ പ്രതികരിക്കുന്നു എന്നുള്ളതാണ് നിങ്ങളുടെ ജീവിത ഗതിയെ നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകം എന്നത് ഓർക്കുക. ജീവിതത്തിലെ വിഷമഘട്ടങ്ങൾ നമ്മുടെ ഭയത്തെ അതിജീവിക്കാനും ഉയരങ്ങളിൽ എത്തിച്ചേരാനുമുള്ള അവസരമാണ്.

കശ്മീരിൽ നിന്നുള്ള ജാവേദ് അഹമ്മദ് തക്കിന്റെ നട്ടെല്ലിന് തീവ്രവാദ ആക്രമണത്തിൽ വെടിയേൽക്കുകയുണ്ടായി. തന്റെ വിധിയെ പഴിക്കുന്നതിനു പകരം ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന കാര്യത്തിൽ ഒരു ചാമ്പ്യനായി മാറി.

മുരളീ ശ്രീശങ്കർ എന്ന ലോങ് ജംപ് അത്‌ലറ്റ്, തന്റെ അനാരോഗ്യത്തോട് പൊരുതി വിജയിച്ചു.



ഒരു പാവപ്പെട്ട കുടുംബത്തിൽ ഒരു സെക്യൂരിറ്റി ഗാർഡിന്റെ മകനായിരുന്ന ആകാശ് ഗുർഖ ലോകപ്രശസ്ത ബോക്സറായതിന്റെ കാര്യം പരിശോധിക്കുക, തനിക്കു സാധിക്കും എന്ന ആത്മവിശ്വാസമാണ് ഒരാളുടെ മുന്നിലുള്ള പ്രതിബന്ധത്തെ അഭിമുഖീകരിക്കാനുള്ള ഏറ്റവും വലിയ ശക്തി.

ഈ കഥകൾ മനുഷ്യരിലുള്ള നിങ്ങളുടെ ആത്മവിശ്വാസത്തെ ശക്തിപ്പെടുത്തുമെന്നും, വെല്ലുവിളിയും അവസരവും തമ്മിലുള്ള വ്യത്യാസം കേവലം കാഴ്ചപ്പാടിന്റേതുമാത്രമാണെന്നും നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.



# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആകാശ് രമേഷ് ഗുർഖ | 3 |
| 2 | അതുൽ പാട്ടീദാർ | 5 |
| 3 | ഡോ. സപൻ കുമാർ പത്രലേഖ് | 8 |
| 4 | ജാവേദ് അഹമ്മദ് തക് | 11 |
| 5 | എം. യോഗനാഥൻ | 14 |
| 6 | മുരളി ശ്രീശങ്കർ | 17 |
| 7 | പുണ്യം പൂങ്കാവനം | 20 |
| 8 | രാം കുമാർ ജോഷി | 23 |
| 9 | സായ്കോം സുർചന്ദ്ര സിങ് | 26 |
| 10 | സന്തോഷ് സിങ് നേഗി | 28 |
| 11 | യൂത്ത് ഫോർ പരിവർത്തൻ | 30 |

# ആകാശ് രമേഷ് ഗൂർഖ


അന്ന് സ്കൂളിൽ സ്പോർട്സ് ക്ലാസ്സ് ആയിരുന്നു.
പൂജ നീ നല്ല വേഗത്തിൽ ഓടുന്നു!
എനിക്ക്, വലുതാകുമ്പോൾ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന ഓട്ടക്കാരിയാകണം.
അതൊരു നല്ല ലക്ഷ്യമാണ്, പൂജ! ഇന്ത്യയുടെ അഭിമാനം ഉയർത്തിയ കായിക താരം ആകാശ് ഗൂർഖയെക്കുറിച്ച് ഞാൻ പറഞ്ഞുതരാം.
ആകാശിന്റെ പിതാവ് രമേഷ് ഗൂർഖ പൂനെയിൽ സെക്യൂരിറ്റി ജീവനക്കാരനായി ജോലി ചെയ്തു വരികയായിരുന്നു. 21 വർഷം മുമ്പ് നേപ്പാളിൽ നിന്ന് ഇന്ത്യയിലേക്ക് കുടിയേറിയ അദ്ദേഹം ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുകയായിരുന്നു.
നമ്മുടെ രണ്ട് ആൺമക്കളും എന്നെക്കാൾ മികച്ച ഒരു ജീവിതം നയിക്കണെമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
അതെ, നമ്മുടെ കുട്ടികൾ വളരെ മിടുക്കരാണ്. അവർ നന്നായി പരിശ്രമിക്കുന്നുമുണ്ട്.
ഒരു ചെറിയ പാർകിംഗ് ഷെഡിലാണ് നാലംഗ കുടുംബം താമസിച്ചിരുന്നത്. സമീപത്തെ പാർക്കുകളിൽ കളിച്ചാണ് ആകാശ് കുട്ടിക്കാലം ചെലവഴിച്ചത്. ഒരുദിവസം–
ഈ ബോക്സിംഗ് ടൂർണമെന്റ് രസകരമായി തോന്നുന്നു. എനിക്കും ചേരണം!
ടൂർണമെന്റിന്റെ സംഘാടകരുമായി ആകാശ് സംസാരിച്ചു, അതോടെയാണ് കായികരംഗത്തേക്കുള്ള അവന്റെ യാത്ര തുടങ്ങിയത്.


ആ സമയത്ത് ആകാശ് കളിക്കുന്നത് ബോക് സിംഗ് പരിശീലകനായ ഉമേഷ് ജഗ്ദലെ തന്റെ സുഹൃത്തുക്കൾക്കൊപ്പം നിരീക്ഷിച്ചു.
ഈ ആൺകു ട്ടിക്ക് സ്വാഭാവികമായ ഒരുപാട് കഴിവുക ളുണ്ട്.
കോച്ച് ആകാശിന്റെ മാതാപിതാക്കളോട് സംസാരിച്ചു, അവർ പിന്തുണ നൽകി. 2010 – ൽ മഹാരാഷ്ട്ര ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ഗെയിംസ് ആൻഡ് സ്പോർട്സിൽ ആകാശ് പരിശീലനം നേടിത്തുടങ്ങി.
ഏതൊരു കായിക വിനോദത്തിനും ഏകാഗ്ര തയും അച്ചടക്കവും അനി വാര്യമാണ്. മികവിനായി കഠി നാധ്വാനം ചെയ്യാൻ നിങ്ങൾ തയ്യാറായിരിക്കണം.
ശരി സാർ! ഞാൻ പൂർണ്ണ മായും സന്നദ്ധ നാണ്.
പരിശീലകന്റെ മാർഗ്ഗനിർദേശത്തിലും മാതാപിതാക്കളുടെ പിന്തുണയോടെയും ആകാശ് തന്റെ കഴിവുകൾ പരി പോഷിപ്പിക്കാനായി കഠിന പരിശ്രമം നടത്തി. താമസിയാതെ, അദ്ദേഹം പ്രൊഫഷണലായി മത്സരിക്കാൻ തുടങ്ങി.
2017 ജൂനിയർ നാഷണൽസിൽ വെള്ളി മെഡലും 2018 ഖേലോ ഇന്ത്യ മത്സരത്തിൽ വെങ്കലവും നേടി. വൈകാതെ –
എന്താണെന്ന് ഊഹിക്കാമോ, പപ്പാ? എനിക്ക് ആർമി ട്രെയി നിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം ലഭിച്ചു.
അത് അൽഭു തകരമായ വാർത്ത യാണ്! ഇനി നിനക്ക് മികച്ച പരിശീലനവും മറ്റു സൗകര്യങ്ങളും ലഭ്യമാകും.
എന്റെ മോനേ, നിന്നെ ഒന്നിനും ഇനി തടയാൻ സാധി ക്കില്ല.
അതിനുശേഷം, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ ആകാശ് നിരവധി അംഗീകാരങ്ങൾ നേടി, ഇത് ഇന്ത്യ യ്ക്ക് അഭിമാനകരമായിരുന്നു, കൂടുതൽ വിജയങ്ങൾ ക്കായി പരിശീലനം നൽകപ്പെട്ടു.
ആകാശിന്റെ നിശ്ചയദാർഢ്യത്തെയും വിജയത്തെയും പ്രധാന മന്ത്രി മോദി അദ്ദേഹത്തിന്റെ റേഡിയോ ഷോയായ മൻ കി ബാത്തിൽ അഭിനന്ദിച്ചു.



അതുൽ പാട്ടിദാർ
വ്യാപാരികൾ എപ്പോഴും സ്വന്തം ലാഭത്തെക്കുറിച്ചാണ് ചിന്തിക്കുക, അവർക്ക് ഒരിക്കലും ആളുകളെ സഹായിക്കാൻ കഴിയില്ല.
അതു ശരിയല്ല ചരൺ. യഥാർത്ഥ സംരംഭകർ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നു. കർഷകരുടെ ഗ്രാമത്തിൽ വളർന്ന അതുൽ പാട്ടിദാറിനെ കുറിച്ച് ഞാൻ പറഞ്ഞു തരാം, കാർഷികോപകരണങ്ങളും സാധനങ്ങളും വിൽക്കുന്നതിനായി ഒരു സ്റ്റോർ അദ്ദേഹം സ്ഥാപിച്ചു.
മധ്യപ്രദേശിലെ ബാർവാനിയിലാണ് അതുൽ പാട്ടിദാർ ജനിച്ചത്.
എന്തിനാണ് നിങ്ങൾ അവനെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയയ്ക്കുന്നത്? മണ്ണിൽ കൃഷി ചെയ്യാൻ അവന് ഇംഗ്ലീഷ് പഠിക്കേണ്ട ആവശ്യമില്ല.
പക്ഷെ അതുലിന്റെ മാതാപിതാക്കൾക്ക് അവർ എത്തിയതിനേക്കാൾ ഉയരത്തിൽ അവനെ എത്തിക്കാൻ ആഗ്രഹിച്ചു.
ഒരു ദിവസം–
ഞാൻ കൃഷി ഉപേക്ഷിച്ച് പട്ടണത്തിൽ ജോലി അന്വേഷിക്കാൻ തീരുമാനിച്ചു. നമുക്കു താങ്ങാനാകുന്ന കാർഷികോപകരണങ്ങൾ വാങ്ങുന്നതും സഹായങ്ങൾ നേടുന്നതും വലിയ വെല്ലുവിളിയായിരിക്കുന്നു.
ഞാൻ വലുതാകുമ്പോൾ കർഷകരുടെ ജീവിതം അനായാസമാക്കും.
അതുൽ തന്റെ മാതാപിതാക്കളുടെ അഭിമാനമായി മാറി. കാനഡ സർവ്വകലാശാലയിൽ ഒരു അഭിമുഖത്തിനിടെ–
താങ്കൾ ടെക്നോളജി പഠിക്കാൻ കാരണമെന്താണ്?
പഠിച്ചതൊക്കെ രാജ്യത്തെ കർഷകർക്കായി ഉപയുക്തമാക്കാൻ ആഗ്രഹിക്കുന്നു. സാങ്കേതികവിദ്യ അവരുടെ ജീവിതം അനായാസമാക്കും.
അതുൽ നാല് ബുരുദാനന്തര ബിരുദം സ്വന്തമാക്കി. 2017 ൽ കാനഡയിൽ ജോലിചെയ്യവെ കർഷകരെ സഹായിക്കാനായി അതുൽ ഒരു സ്റ്റാർട്ട് അപ്പ് സംരംഭം ആരംഭിച്ചു.
ഞാൻ ഒരു ആശയം പരീക്ഷിക്കാൻ എന്റെ ടീമിനെ ഗ്രാമത്തിലേക്ക് കൊണ്ടുപോകുന്നു. ഞങ്ങൾ ഒരു പ്രതിവിധി വൈകാതെ കണ്ടെത്തും.
നിങ്ങൾ വിചാരിക്കുന്നത് സാധ്യമാകുമോ?


ബർവാനിയിലെ 6,000 കർഷകർ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കാനായി അതുലും സംഘവും സമയം കണ്ടെത്തി. ഇതിനെ തുടർന്ന്–
ഫാംകാർട്ട് ഇവിടെ അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. നിങ്ങൾക്ക് വിത്ത്, വളങ്ങൾ, കീടനാശിനികൾ എന്നിവ ഓർഡർ ചെയ്യാനും കാർഷിക ഉപദേശങ്ങൾ നേടാനും കഴിയുന്ന ഒരു ഓൺലൈൻ ഫാം സൂപ്പർസ്റ്റോറാണിത്.
അതുലിന്റെ പ്രഖ്യാപനത്തിന് അദ്ദേഹത്തിന്റെ ഗ്രാമത്തിൽ സമ്മിശ്ര പ്രതികരണമാണ് ഉണ്ടായത്.
സാങ്കേതികവിദ്യയെക്കുറിച്ച് ഞങ്ങൾക്ക് ഒന്നും അറിയില്ല. ഞങ്ങളിൽ പലരും വിദ്യാഭ്യാസം പോലുമില്ലാത്തവരാണ്.
ഫാംകാർട്ടിൽ രജിസ്റ്റർ ചെയ്യാൻ ഞങ്ങളുടെ ടീം നിങ്ങളെ സഹായിക്കും. നിങ്ങൾക്ക് ആവശ്യമുള്ളത് കാണുമ്പോൾ, അതിൽ ക്ലിക്ക് ചെയ്താൽ മാത്രം മതി. ഇതൊക്കെ വളരെ ലളിതമാണ്.
രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത്–
നിങ്ങൾ ഞങ്ങളുടെ വിവരങ്ങൾ ദുരുപയോഗം ചെയ്യില്ലെന്ന് ഞങ്ങൾക്ക് എങ്ങനെ വിശ്വസിക്കും?
നിങ്ങൾക്ക് മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഒരു തനതായ തിരിച്ചറിയൽ കോഡ് നൽകും. നിങ്ങളുടെ എല്ലാ വിവരങ്ങളും അതിലാണ് സംഭരിക്കപ്പെടുന്നത്.
അതുൽ ഭായി, ഞങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ എപ്പോൾ കിട്ടും? അത് ശേഖരിക്കാൻ എവിടെയാണ് പോകേണ്ടത്?
വെറുമൊരു ക്ലിക്കിൽ പൈസ നൽകാനും വാങ്ങാനും എളുപ്പം സാധിക്കും. 36 മണിക്കൂറിനകം നിങ്ങളുടെ ഉൽപ്പന്നം വീട്ടിലെത്തും.
എന്റെ കൃഷിക്കാവശ്യമായത് കിട്ടാൻ ദിവസം മുഴവൻ മാർക്കറ്റിൽ ചിലവഴിക്കേണ്ടതില്ല! കൈയ്യിൽ ധാരാളം പണവും കൊണ്ടുപോകേണ്ടതില്ല!
അതെ, റിസ്ക് ഇല്ലാതെ മാർക്കറ്റ് വിലയിൽ നിന്ന് വളരെ കിഴിവോടെ വാങ്ങാൻ സാധിക്കും.
സമീപ പ്രദേശങ്ങളിലെ വർദ്ധിച്ച ആവശ്യം പരിഗണിച്ച് ബാർവാനിയിൽ ഒരു ഫാംകാർട്ട് ഡിജിറ്റൽ സ്റ്റോർ തുറന്നു.


ഗതാഗത ചെലവ് ലാഭിക്കാനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കുന്ന ഒരു ഡെലിവറി മോഡലും ഫാംകാർട്ട് അവതരിപ്പിച്ചു.
കമ്മ്യൂണിറ്റിയിൽ നിന്നുള്ള ആർക്കും ഫാംകാർട്ട് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്നത് ശരിയാണോ?
അതെ, ഫാംകാർട്ടിൽ രജിസ്റ്റർ ചെയ്യൂ അതിനു ശേഷം ശേഖരിക്കാനും വിതരണം ചെയ്യാനും നിങ്ങളുടെ ഐഡി കാണിക്കൂ.
വിളകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ലാഭം വർദ്ധിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി ഫാംകാർട്ട് അഗ്രി–നിദാൻ എന്ന കൺസൾട്ടൻസി സേവനവും വാഗ്ദാനം ചെയ്തു.
ആയിരക്കണക്കിന് കർഷകർക്ക് അവരുടെ സേവനങ്ങളിൽ നിന്ന് പ്രയോജനം ലഭിച്ചു തുടങ്ങി, 2018 – ലെ മികച്ച 50 ആഗോള ഇന്നൊവേറ്റീവ് സ്റ്റാർട്ടപ്പുകളിൽ ഒന്നായി ഫാംകാർട്ട് തിരഞ്ഞെടുക്കപ്പെട്ടു.
ഫാംകാർട്ട് ഷോപ്പിംഗ്, ഡെലിവറി, കൺസൾട്ടിംഗ് എന്നിവയെല്ലാം ഇനി ഒരേയിടത്തു നിന്ന്! ഇന്റർനെറ്റ് ഉപയോഗിക്കാനും ബിസിനസ്സ് ഉടമകളെ പോലെ ചിന്തിക്കാനും ഞങ്ങൾ കർഷകരെ പ്രോത്സാഹിപ്പിക്കുന്നു.
INNOVATIVE START
IN 2018
കോവിഡ്–19 സമയത്ത്, ഫാംകാർട്ട് ഷോപ്പിംഗ് പ്ലാറ്റ്ഫോമിൽ ഇതിനകം 1,000 ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത്–
വിദൂര പ്രദേശങ്ങളിലുള്ള കർഷകരിലേക്കടക്കം നമ്മുടെ സവനങ്ങൾ വിപുലീകരിക്കണം. ലോക്ക്ഡൗൺ അവരുടെ കൃഷിയെ തടസ്സപ്പെടുത്തരുത്.
2020 ഒക്ടോബറിൽ, പ്രധാനമന്ത്രി മോഡി തന്റെ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ ഈ സംരഭത്തെ പ്രകീർത്തിച്ചു.
2021 ൽ–
ഭയ്യാ, ഫാംകാർട്ടിന് നന്ദി, ഞങ്ങൾക്ക് ഞങ്ങളുടെ ഉൽപ്പന്നങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നു, പക്ഷേ കാർഷിക ഉപകരണങ്ങൾ ലഭിക്കുന്നത് ഇപ്പോഴും ബുദ്ധിമുട്ടാണ്. ഇത് ശരിക്കും ചെലവേറിയതാണ്, ഞങ്ങൾക്ക് താങ്ങാൻ കഴിയുന്നില്ല.
എന്തുകൊണ്ട് നമ്മുടെ റെന്റ് ഫോർ ഫാം സേവനങ്ങൾ പരീക്ഷിച്ചുകൂടാ? നിങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് എടുക്കാം. സ്പെയർ ഉപകരണങ്ങളുള്ളവർക്ക് അത് ഞങ്ങളുടെ പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്ത് പണം സമ്പാദിക്കാം.
102 പേരടങ്ങുന്ന സംഘമാണ് ഫാംകാർട്ടിനുള്ളത്. ഇന്ത്യയിലെ കർഷകരെ തുടർച്ചയായി വളരാൻ സഹായിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.
ഫാംകാർട്ടിന് മധ്യപ്രദേശിൽ ഉടനീളം ഏകദേശം 2,000 കേന്ദ്രങ്ങളുണ്ട്, കൂടാതെ 1,00,000–ത്തിലധികം കർഷകർക്ക് സേവനം നൽകിവരുന്നു.

# ഡോ. സപൻ കുമാർ പത്രലേഖ്




പക്ഷേ നമ്മുടെ സ്കൂളിൽ 290 കുട്ടികളുണ്ട്, നമ്മൾ നാലു ടീച്ചർമാർ മാത്രമാണുള്ളത്. സാർ നമ്മൾ എങ്ങനെ ഇതു കൈകാര്യം ചെയ്യും?
50 മുതൽ 70 വരെ വിദ്യാർത്ഥികളുള്ള ക്ലാസുകൾക്കായി ഗ്രാമത്തിൽ നാല് പോയിന്റുകൾ സജ്ജീകരിക്കാം. നമ്മൾ ഓരോരുത്തരും ഓരോ ക്ലാസ് പോയിന്റ് കൈകാര്യം ചെയ്യണം.
പിന്നീട് സപൻ ഗ്രാമവാസികളെ വിളിച്ചു കൂട്ടിയപ്പോൾ–
ചുവരുകൾ പെയിന്റ് ചെയ്യാനും ബ്ലാക്ക്ബോർഡാക്കി മാറ്റാനും ഞങ്ങൾക്ക് നിങ്ങളുടെ സഹായം ആവശ്യമാണ്.
ഞങ്ങളുടെ കുട്ടികളുടെ പഠനത്തെ പിന്തുണയായി ഞങ്ങൾ ഇവിടെത്തന്നെയുണ്ട്.
ചെളി, ചാണകം, ചാരം, അരി ചോറ് എന്നിവ ഉപയോഗിച്ചാണ് ബ്ലാക്ക് ബോർഡുകൾ നിർമ്മിച്ചത്. ഉടൻ–
നമുക്ക് ചോക്കിന്റെയൊ ഡസ്റ്ററിന്റെയൊ ആവശ്യമില്ല.
നമുക്ക് സ്വയം ഉണ്ടാക്കാം. നിങ്ങൾക്ക് ഇരിക്കാൻ പായകൾ ആവശ്യമുണ്ട്; തറ വളരെ പരുക്കനാണ്.
ചുമരുകളിലും വിളക്കുകാലുകളിലും ഹിന്ദി, ഇംഗ്ലീഷ്, സന്താലി അക്ഷരങ്ങളും വാക്കുകളും വരച്ചു.
ഇപ്പോൾ നമ്മുടെ ഗ്രാമം മൊത്തം ഒരു സ്കൂളായി മാറി!
നമുക്ക് പോയി ചുമരുകളിൽ അക്ഷരമാല എഴുതാം.
ചുമർ ചിത്രങ്ങൾ നോക്കി കുട്ടികൾ പഠിക്കാൻ ആരംഭിച്ചു.
EYE
FISH
NEST
OWL
നോക്കൂ എന്റെ കണക്കിലെ സൂത്രവാക്യം ചുമരിൽ!
എനിക്ക് ഇവിടത്തെ പഠനം ഇഷ്ടമായി. കളിയിലൂടെ പഠിക്കാൻ സാധിക്കുന്നു.
5+3=8
6+4=10


ഒരാഴ്ചക്കു ശേഷം –
ക്ഷമിക്കണം ഞാൻ അസ്സംബ്ലിയിൽ വരാൻ വൈകി.
അതു സാരമില്ല. വന്ന് ഇരിക്കൂ.
മാസ്ക് ധരിച്ചും സുരക്ഷിത മായ അകലം പാലിച്ചും നമുക്ക് പാഠങ്ങൾ ആരംഭിക്കാം. അധ്യാപകർ അവരുടെ ബോർഡുകളിൽ എഴുതും, നിങ്ങൾ നിങ്ങളുടേതിൽ പകർത്തി എഴുതുക.
കുട്ടികൾ അവരുടെ ചോദ്യങ്ങൾ ബ്ലാക്ക് ബോർഡിൽ എഴുതി.
എനിക്ക് ഉത്തരമറിയാം. എന്റെ സുഹൃ ത്തിനെ സഹാ യിച്ചോട്ടേ?
തീർച്ചയായും! ചോദ്യങ്ങൾ ചോദി ച്ചുകൊണ്ടിരിക്കുക. എപ്പോഴും പരസ്പരം സഹായിക്കുക.
2022 ഫെബ്രുവരിയിൽ ലോക്ക് ഡൗൺ അവസാനിച്ചപ്പോൾ –
ഞങ്ങളുടെ ഗ്രാമ ത്തിന്റെ ചുവരുകളിൽ 300 – ലധികം ബ്ലാക്ക് ബോർഡുകൾ ഉണ്ട്. മുതിർ ന്നവരെ പഠിപ്പിക്കാൻ കുട്ടി കൾ ഇനി ഇവ ഉപയോഗിക്കും.
എനിക്ക് വായിക്കാനും എഴുതാനും പരിശീ ലിക്കാൻ ആഗ്രഹ മുണ്ട്.
മാസ്റ്റർ ജി, ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ കാര്യമോ? നമുക്ക് ഒരു അങ്കണവാ ടിപോലുമില്ല*.
ഓരോരുത്ത ർക്കും ഓരോരുത്തരെ പഠിപ്പിക്കാം, വിദ്യാഭ്യാസം നമ്മുടെ ഗ്രാമത്തിന്റെ എല്ലാ കോണിലും എത്തുന്നുവെന്ന് നമുക്ക് ഉറപ്പാക്കാം!
സപന്റെ ശ്രമഫലമായി, അധികം താമസിയാതെ, ദുമ്രത്തറിലെ എല്ലാവരും എഴുതാനും വായി ക്കാനും പഠിച്ചു.

*ഗ്രാമീണ ശിശു കേന്ദ്രം

# ജാവേദ് അഹമ്മദ് ടക്ക്




*ബാച്ചിലർ ഓഫ് സയൻസ്

^കാശ്മീരിലെ ഒരു നഗരം


ആയുധ ധാരികൾ പോയ ഉടൻ ജാവേദിനെയും കൊണ്ട് ആശുപത്രയിലേക്ക് കുതിച്ചു.
സുഷുമ്നാ നാഡി, പാൻക്രിയാസ്, വൃക്കകൾ, കുടൽ എന്നി വയ്ക്ക് പരിക്കേറ്റിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നില ഗുരുതരമാണ്.
ജാവേദിനെ ഏകദേശം ഒരു വർഷത്തോളം ആശുപത്രി യിൽ ചികിത്സിച്ചു. എന്നിട്ടും അദ്ദേഹത്തിന് നടക്കാനുള്ള ശേഷി നഷ്ടപ്പെട്ടു.
അപ്പോൾ, ഇനിമുതൽ ഞാൻ ഇങ്ങിനെ വേണം സഞ്ചരി ക്കാൻ.
പിന്നീടുള്ള രണ്ട് വർഷക്കാലം, ജാവേദ് തന്റെ വീട്ടിൽ ഒതുങ്ങി, വിഷാദവും നിരാശയും ബാധി ക്കപ്പെട്ടു. ഒരുദിവസം –
അമ്മേ, ഒരുപാടു കുട്ടി കൾ കളിക്കുന്നത് കേൾക്കുന്നു. എന്തുപറ്റി അവർ സ്കൂളിൽ പോയില്ലേ?
അവർ പാവപ്പെട്ട വീട്ടിലെ കുട്ടികളാണ്. അവരുടെ മാതാപിതാക്കൾക്ക് അവരെ സ്കൂളിൽ വിടാനുള്ള സാമ്പത്തിക ശേഷിയില്ല. അവരുടെ സമയം ഇങ്ങിനെ കളയുന്നു.
ജാവേദിന് ഉദ്ദേശിച്ച അവസരം വന്നെത്തി. കുറച്ചു ദിവസങ്ങൾക്കു ശേഷം –
ഇന്നു മുതൽ നമ്മൾ കണക്കും സയൻസും ലോക ത്തിലെ എല്ലാ കാര്യങ്ങളും പഠിച്ചു തുടങ്ങും. ഒരു രസകര മായ പാട്ടിൽ നിന്നു തുടങ്ങാം.
അദ്ദേഹം അവർക്കായി ഒരു പുസ്തക ബാങ്കുകൂടി ആരംഭിച്ചു.
വാർത്ത പരന്നതോടെ അയൽപക്കത്തെ കൂടുതൽ കുട്ടികൾ അദ്ദേ ഹത്തിന്റെ ട്യൂഷനുവേണ്ടി എത്തിത്തുടങ്ങി.
രണ്ടു പുതിയ കുട്ടികൾ കൂടി പഠിക്കാൻ വരുന്നുണ്ട്.
ശാരീരിക വെല്ലുവിളി യുള്ള ഒരു കുട്ടിയും എന്റെ അടുക്കൽ വരുന്നില്ല, മാത്രമല്ല അവർ കളിക്കുന്നതു പോലും കാണാത്തത് എന്തുകൊണ്ടാ ണെന്ന് ഞാൻ അൽഭുതപ്പെ ടുന്നു. അതറിയണം.
മറ്റ് ആറ് സുഹൃത്തുക്കൾക്കൊപ്പം ശാരീരിക വെല്ലുവിളിയുള്ള കുട്ടികളെക്കുറിച്ച് ജാവേദ് ഒരു സർവ്വെ നടത്തി.




*നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ

# എം. യോഗനാഥൻ




*തമിഴ്നാട്ടിലെ നീലഗിരി മലനിരകളിൽ സ്ഥിതി ചെയ്യുന്ന ജില്ല


മാരിമുത്തുവിന് 13 വയസ്സുള്ളപ്പോൾ –
നീ എന്ത് ചെയ്യുന്നു?
ഞാൻ ഒരു മരം നടുകയാണ്. നമ്മുടെ കുന്നുകളെ എന്നും പച്ചയായി നിലനിറുത്താനായി ഞാൻ പ്രവർത്തിക്കാൻ പോകുന്നു.
വനവൽക്കരണത്തിനായി സമർപ്പിച്ച അദ്ദേഹത്തിന്റെ ജീവിതയാത്രയുടെ തുടക്കമായിരുന്നു അത്.
മാരിമുത്തു വളർന്നപ്പോൾ കോയമ്പത്തൂരിലെ തമിഴ്നാട് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ബസ് കണ്ടക്ടറായി ജോലിയിൽ പ്രവേശിച്ചു.
ഇതാ ഈ തൈ ഒരു സമ്മാനമാണ്. ഇത് നട്ട്, നന്നായി പരിപാലിക്കുക.
ഭൂരിഭാഗം യാത്രക്കാരും അദ്ദേഹത്തിന്റെ സമ്മാനം സ്വീകരിച്ചു.
വർഷങ്ങൾ കടന്നുപോയതോടെ തൈകൾ വിതരണം ചെയ്യുകയും നടുകയും ചെയ്താൽ മാത്രം പോരാ എന്ന് മാരിമുത്തുവിന് തോന്നിത്തുടങ്ങി.
ചെറുപ്പക്കാർ മരങ്ങൾ നട്ടുപിടിപ്പിക്കണമെന്നും പരിസ്ഥിതിയെ പരിപാലിക്കണമെന്നും എനിക്കാഗ്രഹമുണ്ട്. സ്കൂളുകളിലും കോളേജുകളിലും ഡ്രൈവ് സംഘടിപ്പിച്ചുകൊണ്ട് തുടങ്ങാം. പ്രതിവാര അവധിയായ എല്ലാ തിങ്കളാഴ്ചകളിലും എനിക്ക് അത് ചെയ്യാൻ കഴിയും.
വൈകാതെ –
നിങ്ങൾക്ക് ഓരോരുത്തർക്കും ഒരു തൈ നടാം, ആ മരത്തിന് നിങ്ങളുടെ പേര് ഞങ്ങൾ നൽകും. ദയവായി നിങ്ങൾ ഇതിൽ പതിവായി വെള്ളമൊഴിക്കുമെന്ന ഉറപ്പുവേണമെന്നുമാത്രം. നിങ്ങളുടെ സ്വന്തം സഹോദരനെ പോലെ പരിപാലിക്കണം.
വൗ! എന്റെ പേരുള്ള ഒരു മരം. അത് വളരെ ആവേശകരമാണ്.













*പരിസ്ഥിതി പോരാളി എന്ന് തമിഴിൽ

# മുരളി ശ്രീശങ്കർ



ഇഖ്ബാൽ എന്താണ് വിഷമിച്ചിരിക്കുന്നത്?
സയൻസ് മത്സരത്തിൽ രണ്ട് മാർക്കിന് ഞാൻ യോഗ്യത നേടിയില്ല. ഇപ്പോൾ വീണ്ടും ശ്രമിക്കാൻ ഒരു വർഷം കൂടി കാത്തിരിക്കേണ്ടി വരും.
സമയം പാഴാകുന്നതായി കരുതരുത് ഇഖ്ബാൽ. ഒരു വർഷം കൊണ്ട് നിങ്ങൾക്ക് മികച്ച രീതിയിൽ തയ്യാറെടുക്കാൻ കഴിയും. ശ്രീശങ്കർ എന്ന കായികതാരത്തിന്റെ കഥപറയാം. അസുഖം മൂലം അവസരം നഷ്ടപ്പെട്ട അദ്ദേഹം പിന്നീട് അതിൽ നിന്ന് എങ്ങിനെ തിരിച്ചുവന്നുവെന്ന് അറിയുക.
മുരളി ശ്രീശങ്കർ 1999 മാർച്ച് 27 ന് കേരളത്തിലെ പാലക്കാട് ജില്ലയിൽ അന്താരാഷ്ട്ര കായികതാരങ്ങളായിരുന്ന എസ്. മുരളിയുടെയും കെ. എസ്. ബിജി മോളുടേയും മകനായി ജനിച്ചു.
ഈ കാലുകൾ നോക്കൂ – ഇവന് ഒരു കായികതാരത്തിന്റെ രൂപഭാവം ഉണ്ടെന്ന് തോന്നുന്നു!
രക്ഷിതാക്കൾക്ക് നന്ദി, ശ്രീശങ്കറിന് അത്‌ലറ്റിക്സിൽ അതീവ താൽപര്യം വളർത്തി. അവൻ വളരെ ചെറുപ്പമായിരുന്നപ്പോൾ –
അവൻ കുതിക്കുന്നത് നോക്കൂ! നമ്മുടെ മകന് വലിയ കഴിവുണ്ട്.
നീ പറഞ്ഞത് ശരിയാണ്! നിങ്ങൾ അവനെ നേരത്തെ പരിശീലിപ്പിക്കാൻ തുടങ്ങണം.
അച്ഛന്റെ പരിശീലനത്തിന് കീഴിൽ ശ്രീശങ്കർ തന്റെ കായിക കഴിവുകൾ മെച്ചപ്പെടുത്താൻ തുടങ്ങി.




*FATHER IN MALAYALAM




*പതിനഞ്ചു പ്രമുഖ ഇൻവിറ്റേഷണൽ ട്രാക്ക് ആൻഡ് ഫീൽഡ് അത്‌ലറ്റിക്സ് മത്സരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വാർഷിക പരിപാടി

# പുണ്യം പൂങ്കാവനം




*ഇൻഡ്യൻ പോലീസ് സർവ്വീസ്




*പമ്പ നദിയുടെ തീരത്താണ് ശബരിമല ക്ഷേത്രം സ്ഥിതി ചെയ്യുന്നത്
^ദക്ഷിണേന്ത്യയിലെ 1,252 ക്ഷേത്രങ്ങൾ നിയന്ത്രിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനം
**ശബരിമല അയ്യപ്പന്റെ ദിവ്യമായ അംബലം




*ഭക്തരെ അവർ ആരാധിക്കുന്ന ദൈവത്തിന്റെ നാമത്തിലും സംബോധന ചെയ്യാറുണ്ട്.

# രാംകുമാർ ജോഷി




*ഹിമാചൽ പ്രദേശിൽ


1984ൽ, പോസ്റ്റ്കാർഡുകളിൽ മിനിയേച്ചർ എഴുത്തിൽ റാം താൽപര്യം വളർത്തിയെടുക്കാൻ തുടങ്ങി.
ഈ പോസ്റ്റ് കാർഡിൽ ഈ പേജ് മുഴുവനും മിനിയേച്ചർ -എഴുതാൻ കഴിയുമോ എന്ന് നോക്കട്ടെ!
വാക്കുകൾ ചെറിയ ഇടങ്ങളിൽ ഒതുക്കാനുള്ള വെല്ലുവിളിയിൽ റാം സന്തോഷം കണ്ടെത്തി.
കാലക്രമേണ, ഓരോ പോസ്റ്റ്കാർഡിലും കൂടുതൽ വാക്കുകൾ ഉൾക്കൊള്ളാനുള്ള കഴിവ് അദ്ദേഹം വികസിപ്പിച്ചു, ഒരു ദിവസം–
ഈ പോസ്റ്റ് കാർഡിൽ എനിക്ക് 3,00,000 വാക്കുകൾ എഴുതാൻ കഴിഞ്ഞു!
ഒരു മിനിയേച്ചർ എഴുത്തുകാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യകാല ലാന്റ്മാർക്കുകളിലൊന്നായി അത് അടയാളപ്പെടുത്തപ്പെട്ടു.
മാഗ്നിഫൈയിംഗ് ലെൻസിന്റെയോ മറ്റേതെങ്കിലും ഉപകരണത്തിന്റെയോ സഹായമില്ലാതെ നഗ്നനേത്രങ്ങൾ കൊണ്ട് അദ്ദേഹം അത് ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ രചനയുടെ ഏറ്റവും പ്രശംസനീയമായ സവിശേഷത.
സർ, ഒരു മാഗ്നിഫൈയിംഗ് ഉപകരണമില്ലാതെ നിങ്ങൾക്ക് എങ്ങനെയാണ് എഴുതാൻ കഴിയുന്നത്?
ശ്രദ്ധയും ചിട്ടയായ പരിശീലനവും കൊണ്ട് എല്ലാം സാധ്യമാണ്.
...ലളിതമായ ഒരു പേനയോ പെൻസിലോ മാത്രം ഉപയോഗിക്കുന്നു.
ഒരു ദിവസം അദ്ദേഹം തപാൽ സ്റ്റാമ്പുകളിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും മിനിയേച്ചർ സ്കെച്ചുകൾ ഉണ്ടാക്കി.
'രാം' എന്ന വാക്ക് ഉപയോഗിച്ചാണ് അദ്ദേഹം ഈ രേഖാചിത്രങ്ങൾ തയ്യാറാക്കിയത് എന്നതാണ് കൂടുതൽ പ്രത്യേകത.
ഈ സ്റ്റാമ്പുകളിൽ നേതാക്കളുടെ ഹ്രസ്വ ജീവിത ചരിത്രങ്ങൾ ഉൾക്കൊള്ളിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.


അതിനുശേഷം, നിരവധി സെലിബ്രിറ്റികളുടെയും ദേവതകളു
ടെയും മിനിയേച്ചർ സ്കെച്ചുകൾ റാം ഉണ്ടാക്കിയിട്ടുണ്ട്.
അദ്ദേഹത്തിന്റെ രേഖാചിത്രങ്ങൾ ഏതാനും
മില്ലിമീറ്റർ വീതി മുതൽ ഏകദേശം മൂന്നടി
ഉയരം വരെയാണ്.
റാം തന്റെ അതുല്യമായ പ്രവർത്തനങ്ങൾക്ക് നിരവധി അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്, കൂടാതെ മൻ കി ബാത്തിൽ
അദ്ദേഹത്തെക്കുറിച്ച് പരാമർശിക്കപ്പെട്ടു.
ഒരു ഡിജിറ്റൽ ലോകത്ത്, റാമിന്റെ സമർത്ഥമായ,
സ്വതന്ത്ര–സാങ്കേതികവിദ്യ, കലാപരമായ കഴിവു
കൾ പ്രചോദിപ്പിക്കുന്നത് തുടരുന്നു.

# സായ്കോം സുർചന്ദ്ര സിങ്




*മണിപ്പൂരിലെ തദ്ദേശീയ ഗോത്രം


പിന്നീട്–
വളരെക്കാലം മുമ്പ്, രാജാവിന് ഒരു പ്രധാന സന്ദേശം ലഭിക്കുമ്പോൾ എല്ലാവരേയും അറിയിക്കാൻ അവർ ഈ ഡ്രം ഉപയോഗിച്ചിരുന്നു.
ഇപ്പോൾ ഇത് സന്തോഷകരമായ ട്യൂണുകൾക്കും നൃത്തങ്ങൾക്കുമുള്ള ഒരു ഡ്രം ആണ്. ശരിയല്ലേ, അപ്പാ*?
നിനക്കെങ്ങനെ ഇതിനെ കുറിച്ച് ഇത്രയധികം അറിയാം?
അപ്പയും എന്റെ ചേട്ടനും കുറേ നാളായി ഈ ഡ്രമ്മുകൾ ഉണ്ടാക്കുന്നു. ഞാനും ഒരു ദിവസം അതുണ്ടാക്കും.
വർഷങ്ങൾ കടന്നുപോയപ്പോൾ സുർചന്ദ്ര മെയ്തേയ് പംഗ് ഉണ്ടാക്കുന്നതിൽ വൈദഗ്ധ്യം നേടി. 2005–ൽ–
നമ്മൾ രാവും പകലും ജോലി ചെയ്യുന്നു, പക്ഷേ കരകൗശല തൊഴിലാളികളുടെ എണ്ണം കുറയുകയാണ്. നമ്മുടെ ഭാവി അനിശ്ചിതത്വത്തിലാണ്.
മറ്റുള്ളവരെ കല പഠിപ്പിക്കാൻ നമുക്ക് ശിൽപശാലകൾ സംഘടിപ്പിക്കാം. അതിലൂടെ ഡ്രം ഉണ്ടാക്കുക എന്നതു മാത്രമല്ല, പാരമ്പര്യം സംരക്ഷിക്കുക എന്നതുകൂടിയാണ് ലക്ഷ്യം വയ്ക്കുന്നത്.
തന്റെ കരകൗശലത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സുർചന്ദ്ര തലസ്ഥാനമായ ഇംഫാലിലേക്ക് മാറി.
ഈ ഡ്രമ്മുകളാണ് നമ്മുടെ നൃത്തങ്ങളുടെ ആത്മാവ്! അവ വിസ്മൃതിയിലേയക്കു പോകുന്നത് നമുക്ക് അനുവദിക്കാനാവില്ല. ഒരു പരമ്പരാഗത ഡ്രം നിർമ്മിക്കുന്നത് എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?
മറ്റുള്ളവരെ പഠിപ്പിക്കുന്നതിനിടയിൽ അദ്ദേഹം ഡ്രം നിർമ്മാണം തുടർന്നു.
2019ൽ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവപുരസ്കാറിന് സൈഖോം സുർചന്ദ്ര സിങ് തിരഞ്ഞെടുക്കപ്പെട്ടു.
മെയ്തേയ് പംഗിന്റെ സാംസ്കാരിക പ്രാധാന്യം ഞങ്ങൾ തിരിച്ചറിയുന്നു. നിങ്ങളുടെ ജോലി വിലപ്പെട്ടതാണ്
ഈ അവാർഡ് എനിക്ക് മാത്രമല്ല, എല്ലാ പരമ്പരാഗത ഡ്രം നിർമ്മാതാക്കൾക്കും വേണ്ടിയുള്ളതാണ്! നമ്മൾ ഒരുമിച്ച് നമ്മുടെ പൈതൃകം നിലനിർത്തും.
उस्ताद बिस्मिल्ला
युवा पुरस्कार

# സന്തോഷ് സിങ് നേഗി




*ഉത്തർപ്രദേശിലെ ഒരു നഗരം




*ഹിന്ദിയിൽ സഹോദരൻ

^ഗവൺമെന്റിന്റെ സിറ്റിസൺ എൻഗേജ്‌മെന്റ് പ്ലാറ്റ്ഫോം

# യൂത്ത് ഫോർ പരിവർത്തൻ




*നഗരത്തിന്റെ വൃത്തിഹീനമായ ഭാഗങ്ങൾ തിരിച്ചറിയുകയും അവ വൃത്തിയാക്കുകയും പിന്നീട് മനോഹരമാക്കുകയും ചെയ്യുക




*തെക്ക്, പശ്ചിമ ബംഗളൂരു എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഒരു പ്രദേശം

^പരിവർത്തനം എന്നതിന്റെ ഹിന്ദി പദം



നടക്കാൻ പോകുന്ന ഡ്രൈവുകളെ കുറിച്ച് വിളംബരം ചെയ്യാൻ ഫേസ്ബുക്ക്, വാട്സപ്പ് പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെ വൈ.എഫ്.പി. പ്രയോജനപ്പെടുത്തുന്നു.
ഹേയ്, നോക്കൂ, അടുത്ത ഡ്രൈവ് 25 ന് നമ്മുടെ ഏരിയയിൽ നടക്കുന്നു. നമുക്കെല്ലാവർക്കും അതിനായി പോകാം!
ഓ അതേ!
പാൻഡെമിക് ബാധിച്ചതിന് ശേഷം, ആവശ്യമായ എല്ലാ സുരക്ഷാ മുൻകരുതലുകളും സ്വീകരിച്ചുകൊണ്ട് ഫൈഎഫ്പി അവരുടെ ഡ്രൈവുകൾ തുടർന്നു...
... കൂടാതെ പാവപ്പെട്ട പൗരന്മാർക്ക് മാസ്കുകൾ, സോപ്പുകൾ, സാനിറ്റൈസറുകൾ, തെർമൽ ഗൺ തെർമോമീറ്ററുകൾ എന്നിവ വിതരണം ചെയ്യുന്നതിനായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചു.
2014 മുതൽ, വൈഎഫ്പി 400ലധികം സൗന്ദര്യവൽക്കരണ ഡ്രൈവുകൾ നടത്തി, കൂടാതെ രക്തദാന ഡ്രൈവുകളും ട്രാഫിക് ബോധവൽക്കരണ കാമ്പയിനുകൾ പോലുള്ള മറ്റ് സംരംഭങ്ങളും സംഘടിപ്പിച്ചു.
എന്റെ ഏറ്റവും വലിയ പ്രചോദനത്തിന്റെ ഉറവിടം എന്റെ സന്നദ്ധ പ്രവർത്തകരാണ് – അവർ തങ്ങളുടെ ഞായറാഴ്ചകളിൽ കൂടുതൽ സമയം പരിസ്ഥിതിക്ക് അർത്ഥവത്തായ രീതിയിൽ സംഭാവന ചെയ്യുന്നു.
പിന്നോക്കാവസ്ഥയിലുള്ളവർക്ക് ആരോഗ്യ, വിദ്യാഭ്യാസ സേവനങ്ങളും വൈഎഫ്പി നൽകിവരുന്നു.
കൂടുതൽ ആളുകളെ ഉത്തരവാദിത്തമുള്ള പൗരന്മാരാകാൻ പ്രേരിപ്പിക്കുക, മറ്റ് എൻജിഒകളേയും സമാനമായ ഡ്രൈവ് ചെയ്യാൻ പ്രേരിപ്പിക്കുക എന്നതിനായാണ് അമിത് ശ്രമിക്കുന്നത്.
ആളുകൾ പൊതുസ്ഥലങ്ങൾ സ്വന്തമെന്നതു പോലെ കൈകാര്യം ചെയ്യാൻ തുടങ്ങുമ്പോൾ മാത്രമേ യഥാർത്ഥ പരിവർത്തനം സംഭവിക്കുകയുള്ളൂ – നിങ്ങൾ മാറ്റത്തിന് തയ്യാറാണോ?


STOP COMPLANING
START ACTING

# മൻ കി ബാത്ത്

## വാല്യം – 12

പഠിക്കാനായി പരിധിയില്ലാത്ത സൗകര്യങ്ങളുള്ള ഇക്കാലത്ത്, മിക്ക ചോദ്യങ്ങൾക്കും ഉത്തരം എളുപ്പത്തിൽ കണ്ടെത്താനാകും.

എന്നിരുന്നാലും, മിക്ക ആളുകളും തങ്ങൾക്ക് ചുറ്റുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സൗകര്യങ്ങൾ ഉപയോഗിക്കുന്നില്ല.

മൻ കി ബാത്തിന്റെ പന്ത്രണ്ടാം വാല്യം തങ്ങളുടെ അറിവും പരിശ്രമവും ഫലവത്താക്കി മാറ്റാൻ ദൃഢനിശ്ചയം ചെയ്ത ആളുകളുടെ കഥകൾ പറയുന്നു.

വികലാംഗനായി മാറിയതോടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സ്കൂൾ ആരംഭിച്ച ജാവേദ് അഹമ്മദ് തക് മുതൽ, മഴവെള്ള സംഭരണത്തെക്കുറിച്ചുള്ള തന്റെ അറിവ് ജലക്ഷാമം പരിഹരിക്കാനും വെള്ളപ്പൊക്കം തടയാനുമായി ഉപയോഗിച്ച അദ്ധ്യാപകനായ സന്തോഷ് സിങ് നേഗി മുതൽ, സ്വന്തം സമയവും പണവും ഉപയോഗിച്ച് ആയിരക്കണക്കിന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ക്ലാസുകൾ എടുക്കുകയും ചെയ്ത ബസ് കണ്ടക്ടറായ എം. യോഗനാഥൻ വരെയുണ്ട്. ഈ ആളുകൾ അവരുടെ അനുഭവങ്ങളും അറിവും ഉപയോഗിച്ച് സ്വയം വിജയിക്കാനും ചുറ്റുമുള്ള സമൂഹത്തെ സഹായിക്കാനും ഉപയോഗിച്ചു.



₹99

www.amarchitrakatha.com
ISBN 978-93-6127-030-7